## അഞ്ചാമദ്ധ്യായം

# സത്യാഗ്രഹം! സത്യാഗ്രഹം!!

### 1. മാഹി സമരം.

1978–ലെ പ്രക്ഷോഭണത്തെ തുടർന്ന് വടക്കേ മലബാറിലും കോറ്റാത്തൂർ സംഭവം കഴിഞ്ഞു തിരുവിതാംകൂർ – കൊച്ചി ഭാഗങ്ങളിലും മദ്യവിരുദ്ധ വികാരം കൂടുതൽ വ്യാപകമായി. എം.പി. മന്മഥന്റെ പ്രസംഗ പര്യടനങ്ങൾ ഈ വികാരത്തെ തീവ്രമാക്കി. ഇക്കാലത്തെ ഏറ്റവും ഉദ്വേഗജനകമായ സമരം നടന്നതു മാഹിയിലാണ്. ഭരണപരമായി പുതുശ്ശേരി (പോണ്ടിച്ചേരി)യുടെ ഭാഗമാണെങ്കിലും സാംസ്കാരികമായും സാമൂഹ്യമായും കേരളത്തിന്റെ ഭാഗമാണല്ലോ നാലര ചതുരശ്ര നാഴിക വിസ്തീർണ്ണവും 28,400 ജനങ്ങളുമുള്ള മാഹി. 16 റേഷൻ കടകളും 67 വിദേശ മദ്യഷാപ്പുകളും കള്ളും ചാരായവും വിൽക്കുന്ന 11 വീതം ഷാപ്പുകളുമുള്ള മാഹി മദ്യപാനികളുടെ പറുദീസാ ആയിരുന്നു. ഈ പ്രദേശത്തെ മദ്യവിമുക്തമാക്കാൻ മാഹി വിമോചകൻ ഐ.കെ. കുമാരന്റെ നേതൃത്വത്തിൽ സമരം ആരംഭിച്ചു. 20–11–1983–ൽ ആയിരുന്നു ഇത്. 1984 ആയപ്പോഴേക്കും മാഹിയെ മദ്യത്തിൽ നിന്നു മോചിപ്പിക്കുവാനുള്ള സമരത്തിൽ ഒരു വഴിത്തിരിവുണ്ടായി. ഒരു ബാലവാടിയുടെ 25 വാരക്കുള്ളിൽ രായ്ക്കുരാമാനം ഒരു പുതിയ കള്ളുഷാപ്പു കെട്ടിടം ഉയർന്നു. തകൃതിയായ വില്പനയും തുടങ്ങി. നാട്ടുകാർ എതിർത്തു. ആഗസ്റ്റ് 29–ാം തിയ്യതിയിലെ കൂട്ടപ്പിക്കറ്റിങ്ങോടെ തീവ്രമായ സമരപരിപാടി ഷാപ്പിനെതിരെ ആരംഭിച്ചു. ഐ.കെ. കുമാർ, ദേവൂട്ടി എന്നിവരടങ്ങിയ സത്യാഗ്രഹി സംഘത്തെ അറസ്റ്റു ചെയ്ത് ജയിലിലാക്കി. സമരത്തിനു ഫാ. തൈത്തോട്ടം, പി.കെ.ഗ്രിഗറി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കണ്ണൂർ ജില്ലാ മദ്യ

നിരോധന സമിതിയുടെയും വടക്കേ മലബാറിലെ മദ്യവിരുദ്ധ പ്രസ്ഥാന ത്തിന്റെ രക്ഷാധികാരിയായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെയും പിൻതുണയും ലഭിച്ചു. ഈ സമരത്തിൽ 48 പേർ ജയിൽവാസം അനുഭ വിച്ചു. നൂറുകണക്കിനു പ്രവർത്തകർ സമരത്തിൽ പങ്കെടുത്തു. സെപ്തം ബർ 21–ാം തിയതി ഷാപ്പ് പൊളിച്ചു മാറ്റി. എങ്കിലും 28–ാം വരെ സ ത്യാഗ്രഹികൾക്കു കാരാഗൃഹത്തിൽ കിടക്കേണ്ടി വന്നു. 82 വയസ്സുകാ രൻ മാഹി വിമോചകനും സ്വതന്ത്ര ഭാരതത്തിലെ ജയിലിൽ ഒരു മാസം കിടക്കേണ്ടി വന്നു!

## 2. മട്ടാഞ്ചേരി സത്യാഗ്രഹം

വൈപ്പിനിലെ സംഭവ വികാസങ്ങളും പ്രാദേശിക സമരങ്ങളിലെ അനുഭവവും വെച്ചുകൊണ്ട് ഒരു സംസ്ഥാനതല സമരം അനിവാര്യമാ ണെന്ന് കേരള മദ്യനിരോധനസമിതിക്കു തോന്നി. ഇതിന്റെ ഫലമായിരു ന്നു മട്ടാഞ്ചേരി സത്യാഗ്രഹം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ആദ്യത്തെ സത്യാഗ്രഹമായിരുന്നു ഇത്. ഒരർത്ഥത്തിൽ കേരള മദ്യനിരോധനസമിതിയുടെ ചരിത്രത്തിലെ ഏറ്റവും ഗംഭീരമായ സത്യാ ഗ്രഹം ഇതായിരുന്നു. അഹിംസാത്മകമായ ജനകീയസമരം വഴി ലൈ സൻസുള്ള ഒരു മദ്യശാല അടപ്പിക്കുക; അതിലൂടെ മദ്യനിരോധന പ്രശ്ന ത്തിലേക്ക് സർക്കാരിന്റെ കണ്ണു തുറപ്പിക്കുക - ഇതായിരുന്നു ഈ സത്യാഗ്രഹത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിൽ സത്യാഗ്രഹം തികച്ചും വിജയിച്ചു. അക്കാലത്ത് എങ്ങും എവിടെയും മദ്യനിരോധന പ്രവർത്തകർ മുഴക്കിയ മുദ്രാവാക്യം "മട്ടാഞ്ചേരി ചലോ" എന്നതായിരു ന്നു.

ഏതൊരു ചേരി? മട്ടാഞ്ചേരി,
ചാരായത്തിന്നെതിർ ചേരി,
നാമെല്ലാവരുമൊരു ചേരി,
ചാരായത്തിൻ മറുചേരി!

ഇതായിരുന്നു അവരുടെ സമരഗാനം.

1984 ജൂലൈ 14–ാം തിയ്യതി കൂടിയ സംസ്ഥാന സമിതി ഗാന്ധിജ യന്തി ദിനമായ ഒക്ടോബർ 2–ന് എറണാകുളം ജില്ലയിലെ ഒരു പ്രധാന

മദ്യഷാപ്പിനു മുൻപിൽ സത്യാഗ്രഹം ആരംഭിക്കണമെന്ന് തീരുമാനിക്കുകയും ഏത് ഷാപ്പ് എന്നു നിശ്ചയിക്കാൻ ജില്ലാ നേതൃത്വത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. കെ.പി. മാധവൻ നായർ, ഏ.ഏ. കൊച്ചുണ്ണി, ജി.എസ്. ധാരാസിങ്ങ്, എൻ. സുബ്രഹ്മണ്യപിള്ള (ജില്ലാ പ്രസിഡണ്ട്) തുടനങ്ങിയവർ ചേർന്ന് തെരഞ്ഞെടുത്തത് കൊച്ചി നഗരത്തിന്റെ ഭാഗമായ മട്ടാഞ്ചേരിയിലെ കൂവപ്പാടം കവലയിലുള്ള മൂന്നാം നമ്പർ ചാരായ ഷാപ്പ് ആയിരുന്നു.

സത്യാഗ്രഹത്തിന്റെ മുന്നോടിയായി എല്ലാ ജില്ലകളിലും വിപുലമായ സമരപ്രചരണജാഥകൾ നടത്തപ്പെട്ടു. സത്യാഗ്രഹത്തിന്റെ പരമമായ നേതൃത്വം എം.പി. മന്മഥന് ആയിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ സർവോദയ നേതാവ് പി. ഗോപിനാഥൻ നായർ, യുവപ്രവർത്തകരായ ജയപ്രകാശ് നാരായണൻ, കെ പരമേശ്വരശർമ്മ എന്നിവർ നിയുക്തരായി. എന്നാൽ ഗോപിനാഥൻ നായർക്കോ ജയപ്രകാശ് നാരായണനോ മട്ടാഞ്ചേരിയിൽ ഏറെ നാൾ നിൽക്കാൻ ആയില്ല. അങ്ങനെ തികച്ചും ആകസ്മികമായി പ്രൊഫസർ ജി. കുമാരപിള്ളക്ക് പ്രൊഫസർ മന്മഥന്റെ പ്രധാന സഹായി എന്ന സ്ഥാനം ഏറ്റെടുക്കേണ്ടി വന്നു. ഒരു സത്യാഗ്രഹം നടത്തി പരിചയമുള്ളവർ ഞങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നില്ല. എല്ലാം സ്വന്തം അറിവും ഭാവനയും ഉപയോഗിച്ച് പുതുതായി ചിട്ടപ്പെടുത്തേണ്ടി വന്നു. പ്രാദേശികമായ ഒരു ആവശ്യത്തിൽ നിന്നും ഉയിർക്കൊണ്ട സമരം അല്ലാത്തതിനാലും ഞങ്ങൾ അവിടെ അപരിചിതരാകയാലും ജനങ്ങൾ ആദ്യമാദ്യം അകന്നു നിന്നു. പക്ഷേ, ക്രമേണ അവർ അടുത്തു. അവസാനം അവരും ഞങ്ങളും തമ്മിൽ ലയിച്ചു. 1984 ഒക്ടോബർ 2-ാം തിയതി ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച സത്യാഗ്രഹം 155 ദിവസം പിന്നിട്ട് 1995 മാർച്ച് 5ന് അവസാനിച്ചു. കേരളത്തിന്റെ 14 ജില്ലകളിൽ നിന്നുമായി സത്യാഗ്രഹികൾ പിക്കറ്റിങ്ങിന് എത്തി. 112 സ്ത്രീകളടക്കം 683 പേർ പിക്കറ്റിങ്ങിൽ പങ്കെടുത്തു. 30 പേർ ജയിൽ വാസം അനുഭവിച്ചു. ഇതിൽ 7 പേർ സ്ത്രീകളായിരുന്നു. എം.പി. മന്മഥൻ രണ്ടു പ്രാവശ്യം ജയിലിൽ പോയി; ഏറ്റവും കൂടുതൽ ദിവസം (14) ജയിൽവാസം അനുഭവിച്ചത് എൻ.എസ്. പണിക്കർ, അച്ചുതഭട്ട് എന്നിവരാണ്. ആദ്യം ജയിലിൽ പോയത് എം.പി. മന്മഥൻ, പി. പത്മനാഭാൻ, ജോസഫ് സെബാസ്റ്റ്യൻ എന്നിവരായിരുന്നു – സ്ത്രീകളിൽ മേരി ആന്റണിയും പി.പി. മാധവി അമ്മയും.

നിരന്തരം കഷ്ടപാടു സഹിച്ചു പണവും സമയവും ചെലവാക്കി സഹായിച്ചവർ അസംഖ്യമാണ്.

സത്യാഗ്രഹത്തിന്റെ വിവിധ മാതൃകകൾ മട്ടാഞ്ചേരിയിൽ പരീക്ഷിക്കുകയുണ്ടായി. ധർണ, പിക്കറ്റിംഗ്, ജാഥ, മൗന ജാഥ, ഉപവാസം എന്നിങ്ങനെ പല രീതികളാണ് കൈകൊണ്ടത്. പിക്കറ്റിംഗിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിപ്പിച്ചും പിക്കറ്റിംഗ്. സമയം വർദ്ധിപ്പിച്ചും സത്യാഗ്രഹം രൂക്ഷമാക്കിക്കൊണ്ടിരുന്നു. ഇത് ഒടുവിൽ 24 മണിക്കൂർ വരെ നീണ്ട അഖണ്ഡസത്യാഗ്രഹമായി മാറി. ഇതോടൊപ്പം മദ്യശാലാ പ്രവർത്തനം സ്തംഭിച്ചു. അറസ്റ്റുകൾ ആരംഭിച്ചു. 8-2-1985ന് അറസ്റ്റു ചെയ്യപ്പെട്ട എം.പി.മന്മഥൻ, പി. പത്മനാഭൻ, ജോസഫ് സെബാസ്റ്റ്യൻ എന്നിവരെ കോടതിയിൽ ഹാജരാക്കുകയും അവർക്ക് 5 ദിവസത്തെ തടവു ശിക്ഷ ലഭിക്കുകയും ചെയ്തു. അറസ്റ്റും ശിക്ഷയും തുടർന്നു. 20-2-1985ൽ എം. പി. മന്മഥൻ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ പോലീസ് സഹായത്തോടെ ഷാപ്പിന്റെ പ്രവർത്തനം പുനരാരംഭിച്ചു. ഈ ഘട്ടത്തിൽ മുഖ്യമന്ത്രി കെ.കരുണാകരന്റെ മനസ്സാക്ഷിയെ ഉണർത്തുവാൻ പ്രൊഫസർ ജി.കുമാരപിള്ള (21-ാം തിയതി) അനിശ്ചിതകാല നിരാഹാരവ്രതം ആരംഭിച്ചു. കാറ്റുമാറി വീണു. 23ന് എം.പി മന്മഥൻ ജയിൽ വിമുക്തനായി. മുഖ്യമന്ത്രിയുമായുള്ള കൂടിയാലോചനകൾ ആരംഭിച്ചു. 28-ാം തിയതി രാത്രി ഐക്യ ജനാധിപത്യമുന്നണി ഏകോപനസമിതി പ്രശ്നം ചർച്ച ചെയ്യുകയും മദ്യനിരോധന സമിതിയുമായി കൂടിയാലോചിക്കാൻ ഒരു ഉപസമിതിയെ നിശ്ചയിക്കുകയും ചെയ്തു. ഈ വിവരം കിട്ടിയ ഉടൻ പ്രൊഫസർ ജി. കുമാരപിള്ള നിരാഹാരവ്രതം അവസാനിപ്പിച്ചു. പക്ഷേ പിക്കറ്റിംഗ് തുടർന്നു. കാരണം ഷാപ്പ് അടച്ചിരുന്നില്ല. മാർച്ച് 5-ാം തിയതി ഉച്ചക്ക് ഷാപ്പു പൂട്ടിയതായി ഔദ്യോഗികമായ അറിയിപ്പ് വന്നതോടെ സമരം നിർത്തി വച്ചു. സത്യാഗ്രഹവേദി ഒരു സാമൂഹ്യ വിദ്യാഭ്യാസ വേദിയായി മാറത്തക്ക വിധത്തിൽ എന്നും പ്രഭാഷണങ്ങൾ സംഘടിപ്പിച്ചിരുന്നു. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻ, ഡോ. സുകുമാർ അഴീക്കോട്, നിത്യ ചൈതന്യ യതി, എം.കെ. സാനു, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, എ.വി. ശ്രീകണ്ഠപ്പൊതുവാൾ, കെ.ജെ.ബർലി, ഐ.കെ. കുമാരൻ, സി. രാധാകൃഷ്ണൻ, ഡി. രാമചന്ദ്രൻ പോറ്റി, കെകെ. മാധവൻ തുടങ്ങിയ പ്രഗത്ഭമതികൾ ഇതിൽ പെടുന്നു.

## 3.ദക്ഷിണ ഭാരത സമ്മേളനം

മട്ടാഞ്ചേരി സത്യാഗ്രഹം നടന്നു കൊണ്ടിരിക്കുമ്പോഴാണ് ദക്ഷിണ ഭാരത മദ്യനിരോധന സമ്മേളനം അതേ സ്ഥലത്തു വെച്ച് ഡിസംബർ 1,2 തീയതികളിൽ കേരള മദ്യനിരോധന സമിതിയുടെ ആതിഥേയത്വത്തിൽ നടന്നത്. അഖിലേന്ത്യാ പ്രസിഡന്റ് ഗോകുൽഭായി ഭട്ട്, ജനറൽ സെക്രട്ടറി രൂപ് നാരായണൻ, കർണ്ണാടക നേതാവ് എച്ച്.എസ്. ദൊരസ്വാമി, തമിഴ്നാട് നേതാവ് എസ്. ആർ. സുബ്രഹ്മണ്യം തുടങ്ങിയവരും ദക്ഷിണ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 100–ഓളം പ്രതിനിധികളും ഹാജി ഈസാഹാജി മൂസാ ഹൈസ്കൂളിൽ വെച്ചു നടന്ന സമ്മേളനത്തിൽ പങ്കെടുത്തു. കേരളത്തിൽ നിന്ന് പ്രൊഫസർ എം.പി. മന്മഥൻ, കെ.പി. മാധവൻ നായർ തുടങ്ങിയ നേതാക്കളും നിരവധി പ്രതിനിധികളും അവരോടു ചേർന്നു. ഇതര സംസ്ഥാനക്കാരുടെ സാന്നിദ്ധ്യം സത്യാഗ്രഹത്തിനും സത്യാഗ്രഹത്തിന്റെ മുന്നേറ്റം അവർക്കും അത്യന്തം ഉത്തേജകം ആയിരുന്നു.

## 4. ഉപസമിതി റിപ്പോർട്ട്

മട്ടാഞ്ചേരി സത്യാഗ്രഹത്തെ തുടർന്ന് ഐക്യ ജനാധിപത്യ മുന്നണിയുടെ ഏകോപനസമിതി അതിന്റെ കൺവീനർ ഉമ്മൻചാണ്ടി, മന്ത്രിമാരായ എം. കമലം. എൻ. ശ്രീനിവാസൻ എന്നിവരുൾപ്പെട്ട ഉപസമിതിയെയാണ് മദ്യനിരോധന സമിതിയുമായി ചർച്ച ചെയ്യാൻ നിയോഗിച്ചത്. പ്രസ്തുത ഉപസമിതി ഏറെ താമസിയാതെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഭൂരിപക്ഷാഭിപ്രായ പ്രകാരം മദ്യനിരോധനത്തെ അനുകൂലിക്കുന്ന റിപ്പോർട്ട് ആയിരുന്നു ഇത്. (എക്സൈസ് വകുപ്പ് മന്ത്രി ശ്രീനിവാസൻ ആണ് എതിർപ്പ് പ്രകടിപ്പിച്ചത്.) പക്ഷെ സർക്കാർ ഭാഗത്തു നിന്ന് തുടർ നടപടികളൊന്നും ഉണ്ടായില്ല. ഈ പശ്ചാത്തലത്തിൽ കേരള മദ്യനിരോധനസമിതി ജനകീയ സമ്മർദ്ദം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## 5. സംസ്ഥാന ജാഥ

ആദ്യത്തെ പരിപാടി അഖില കേരളാടിസ്ഥാനത്തിലുള്ള പ്രചരണ

പ്രൊഫസർ ജി. കുമാരപിള്ള, സമിതി വൈസ് പ്രസിഡന്റ് ഫാ. കുരിയാക്കോസ് പാറയ്ക്കൽ മുതലായവരുൾപ്പെടെ 18 മുതിർന്ന നേതാക്കൾ ഉണ്ടായിരുന്നു. ഇവർ സമിതിയെ പ്രതിനിധീകരിച്ച് അകത്തു പോയി ഗവർണ്ണർ പി. രാമചന്ദ്രനെ കാണുകയും ഭരണഘടനാപരമായ അവകാശം ഉപയോഗിച്ച് മദ്യനിരോധനം ഏർപ്പെടുത്താൻ മന്ത്രിസഭയെ ഉപദേശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

ആഗസ്റ്റ് 5-ന് ഇതേ വിധത്തിൽ ജില്ലാ തലസ്ഥാനങ്ങളിൽ കളക്ടറേറ്റ് മാർച്ചും ആവേശകരമായി നടത്തുകയുണ്ടായി.

## 8. പാളയം സത്യാഗ്രഹം

1986-ൽ സ്വാതന്ത്ര്യ ദിനമായ ആഗസ്റ്റ് 15-ാം തിയ്യതി പാളയം സത്യാഗ്രഹം ആരംഭിച്ചു. സർക്കാർ നടത്തുന്ന മദ്യശാലയുടെ, അതായത് ബിവറേജസ് കോർപ്പറേഷന്റെ, നടയിലായിരുന്നു സത്യാഗ്രഹവേദി. പാളയത്തിൽ നന്ദാവനം റോഡിൽ സിറ്റി പ്രസ്സ് കവലയിൽ നിന്നു ലേശം വടക്കുമാറിയുള്ള വേദിയിലേക്ക് എന്നും കാലത്ത് സത്യാഗ്രഹികൾ ഘോഷയാത്രയായി വരുകയാണ് ചെയ്തിരുന്നത്. വഴുതക്കാടുള്ള ഗാന്ധി ഭവനിൽ നിന്നും ഗവൺമെന്റ് പ്രസ്സ് വഴി സെക്രട്ടേറിയറ്റ് നടയിൽ വന്ന് യോഗോദ്ദേശം വിവരിച്ച ശേഷം പാളയം കവല വഴി വേദിയിലേക്കുള്ള യാത്ര ജനശ്രദ്ധ ആകർഷിക്കുന്നതായിരുന്നു. സന്നദ്ധഭടന്മാർ പലപ്പോഴും തുലാവർഷത്തിൽ മുങ്ങിക്കുളിച്ചിരുന്നു. എന്നാൽ സത്യാഗ്രഹവേദിയിൽ ആളുകൾ കൂടിയിരുന്നില്ല. ആഗസ്റ്റ് 15-ന് തുടങ്ങിയ സമരം 124 ദിവസം പിന്നിട്ടിട്ടും സർക്കാരിൽ നിന്നു പ്രതികരണമൊന്നും ഉണ്ടായുമില്ല. അതിനാൽ ഡിസംബർ 17-ാം തിയ്യതി കാലത്ത് മുതൽ സത്യാഗ്രഹ കർമ്മ സമിതി കാര്യദർശി പ്രൊഫസർ ജി. കുമാരപിള്ള അനിശ്ചിതകാല ഉപവാസം ആരംഭിച്ചു. അപ്പോൾ രംഗം മാറി. ജനക്കൂട്ടം തടിച്ചുകൂടിത്തുടങ്ങി. അതേ ദിവസം തന്നെ പ്രൊഫസർ എം.പി. മന്മഥനെ മുഖ്യമന്ത്രി കെ. കരുണാകരൻ കൂടിയാലോചനക്കു ക്ഷണിച്ചു. എക്സൈസ് മന്ത്രി ഉമ്മൻചാണ്ടി കൂടി പങ്കെടുത്ത കൂടിയാലോചനയുടെ ഫലമായി സ്വീകാര്യമായ ഒരു ഒത്തുതീർപ്പുണ്ടായി. അങ്ങനെ 19-ാം തിയ്യതി ഉച്ചതിരിഞ്ഞ് പ്രൊഫസർ ജി.കുമാരപിള്ള ഉപവാസം നിർത്തിവെച്ചു. ബാക്കി സത്യാ

ഗ്രഹ പരിപാടികളും അവസാനിപ്പിച്ചു. താഴെപറയുന്ന സർക്കാർ (മുഖ്യ മന്ത്രിയുടെ ആപ്പീസിൽ നിന്ന്) പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് സത്യാഗ്രഹം നിർത്തിയത്.

"മദ്യനിരോധനം സംബന്ധിച്ചു ഭരണഘടനയിൽ ഉൾക്കൊണ്ടിട്ടുള്ള നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന ഗവർമ്മെണ്ടിന് ആകാംക്ഷയുണ്ട്. അതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ഗവർമ്മെണ്ടിന് വിശദമായി പഠിക്കേണ്ടതുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയാൽ റവന്യൂ വരുമാനത്തിൽ സംഭവിക്കാവുന്ന നഷ്ടം, ആ നഷ്ടം നികത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, മദ്യനിരോധനം മൂലം ഉണ്ടാകാവുന്ന തൊഴിലില്ലായ്മ, അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ, മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനു പര്യാപ്തമായ ഔദ്യോഗിക സംവിധാനം, പ്രസക്തമായ മറ്റു പ്രശ്നങ്ങൾ ഇവയെക്കുറിച്ചു സമഗ്രമായി പഠിച്ച് ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉന്നതാധികാര സമിതിയെ ഗവർമ്മെണ്ട് ഉടനടി നിയമിക്കുന്നതാണ്.".

പാളയം സത്യാഗ്രഹത്തിൽ ആകെ 482 സന്നദ്ധ ഭടന്മാരാണ് പങ്കെടുത്തത്. ഇതിൽ 53 പേർ സ്ത്രീകൾ ആയിരുന്നു. കേരളത്തിലെ 14 ജില്ലകളിൽ നിന്നും സത്യാഗ്രഹികൾ ഉണ്ടായിരുന്നു. ഇതിൽ 115 പേർ അറസ്റ്റ് വരിച്ചു. ഒരാൾ ജാമ്യമെടുത്തു; പ്രൊഫസർ എം.പി. മന്മഥൻ ഉൾപ്പെടെ 24 പേർ ജയിലിൽ പോയി; ബാക്കിയുള്ളവരെ പോലീസോ കോടതിയോ വെറുതെ വിട്ടു. കോടതി വെറുതെ വിട്ടവരിൽ പ്രൊഫസർ ജി. കുമാരപിള്ളയും ഉണ്ടായിരുന്നു.

## 9. ഹൈക്കോടതി വിധി

പാളയം സത്യാഗ്രഹം സംബന്ധിച്ചുണ്ടായ ഒരു കേരള ഹൈക്കോടതി വിധി കേരള മദ്യനിരോധനസമിതിയുടെ നേതൃത്വത്തിലുള്ള മദ്യവിരുദ്ധ സമരങ്ങൾക്കു ഗൗരവം പകർന്നു. ഗാന്ധിയൻ രീതിയിലുള്ള മദ്യഷാപ്പു പിക്കറ്റിംഗ് കുറ്റകൃത്യമല്ലെന്നും ലേശം അക്രമം സംഭവിച്ചാൽ പോലും ഇമ്മാതിരി പിക്കറ്റിംഗ് ഒരു വലിയ സേവനമാണെന്നും 1986

ഒക്ടോബർ 16-ാം തിയതി ജസ്റ്റിസ് കെ.ടി. തോമസ് നൽകിയ വിധി ആയിരുന്നു ഇത്. സത്യാഗ്രഹത്തിന്റെ ആദ്യഘട്ടമായ ധർണ്ണ കഴിഞ്ഞ് പിക്കറ്റിംഗിലേക്ക് പ്രവേശിച്ചപ്പോൾ സെപ്തംബർ 8,9, എന്നീ തീയതികളിലായി ഇതിനു നിയുക്തരായ 7 സത്യാഗ്രഹികളെയും പോലീസ് അറസ്റ്റു ചെയ്തു. വലിയ ക്രിമിനൽ കുറ്റങ്ങൾ ചുമത്തി അവരെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഒരാൾ രോഗം മൂലം നേരത്തേ ജാമ്യം എടുത്തു. മറ്റുള്ളവരെ അട്ടക്കുളങ്ങര സബ്ജയിലിൽ റിമാൻഡിൽ വച്ചു. ജോസഫ് സെബാസ്റ്റ്യൻ (കുറവിലങ്ങാട്, കോട്ടയം) കെ.കെ. രാമൻ (മൂത്തകുന്നം, എറണാകുളം), സി.പി. ദേവസിക്കുട്ടി (മട്ടാഞ്ചേരി, എറണാകുളം) പി. നാരായണൻ (പാലക്കാട്, പാലക്കാട്) പി.പത്മനാഭൻ (മുഹമ്മ, ആലപ്പുഴ) കെ.പി. ബാലകൃഷ്ണൻ നായർ (പാമ്പാടി, കോട്ടയം) എന്നിവരായിരുന്നു ഈ ആറു സത്യാഗ്രഹികൾ. തങ്ങളുടെ പേരിൽ എടുത്തിട്ടുള്ളത് കള്ളക്കേസാണെന്നു ഹൈകോടതിയിൽ പരാതി കൊടുത്തിട്ട് ഒക്ടോബർ 5-ന് ആണ് ഇവർ ജയിൽ വിട്ടത്. ആദ്യത്തെ 4 പേർ 27 ദിവസവും ബാക്കി 2 പേർ 26 ദിവസവും ജയിലിൽ കിടന്നു. ഇവരുടെ ഹർജ്ജിയിലിന്മേലാണ് മേൽപറഞ്ഞ ഹൈക്കോടതി ഉത്തരവു വന്നത്.

## 10. ഊരമന സത്യാഗ്രഹം

ഒരു ഗ്രാമത്തിന്റെ ഇതിഹാസം എന്നു വിശേഷിപ്പിക്കാവുന്ന ഒന്നായിരുന്നു ഊരമന സത്യാഗ്രഹം. മട്ടാഞ്ചേരി സത്യാഗ്രഹം നടക്കുന്ന കാലത്തു തന്നെ ഊരമനയിൽ സമരം ആരംഭിച്ചു കഴിഞ്ഞിരുന്നു. മുവാറ്റുപുഴ പട്ടണത്തിൽ നിന്നും 11 നാഴിക പടിഞ്ഞാറു മാറി രാമമംഗലം പഞ്ചായത്തിൽ പെട്ട ഒരു ഗ്രാമമാണ് മുവാറ്റുപുഴയാറിന്റെ തീരത്തുള്ള ഊരമന. 24.11.1984 മുതൽ 6.5.1987 വരെ നീണ്ടു നിന്ന മദ്യവിരുദ്ധ സമരം ഉണ്ടാവും വരെ ഈ ഗ്രാമത്തെക്കുറിച്ച് അധികമാരും കേട്ടിരുന്നില്ല. മട്ടാഞ്ചേരി സത്യാഗ്രഹവേദി നേരിൽകണ്ട എൻ. വി. വറുഗീസ്, കെ.എ. മോഹനൻ എന്നീ ചെറുപ്പക്കാർ അതിൽ നിന്നു പ്രചോദനം കൊണ്ട് സ്വന്തം ഗ്രാമത്തെ മദ്യമുക്തമാക്കാൻ തീരുമാനിച്ചു. 24-11-1984 -ൽ അവിടെ കേരള മദ്യനിരോധന സമിതിയുടെ ഒരു ഘടകം പ്രൊഫസർ എം.പി. മന്മഥൻ ഉൽഘാടനം ചെയ്തു. അവിടുത്തെ ഏറ്റവും വലിയ സ്ഥാപനമായ ഗവൺമെണ്ട് ഹൈസ്കൂളിന് ഇരുപുറവുമായി ഒരു കള്ളുഷാപ്പും ഒരു

ചാരായഷാപ്പും 35 വർഷമായി പ്രവർത്തിച്ചിരുന്നു. ഇവയ്ക്കെതിരായി ഊരമനക്കാർ 27–11–1984ൽ സമരം ആരംഭിച്ചു. സമരം ശക്തമായതിനെ തുടർന്ന് മാർച്ച് 31–നുശേഷം അവിടെ ഷാപ്പുകൾ ഉണ്ടാവുകയില്ലെന്ന് എക്സൈസ്സുകാർ ഉറപ്പു കൊടുത്തു. അങ്ങനെ ഒന്നാം ഘട്ടം അവസാനിച്ചു.

എന്നാൽ 1985 ഏപ്രിൽ 1–ന് കള്ളുഷാപ്പ് അവിടെത്തന്നെ വീണ്ടും തുറക്കാൻ കരാറുകാരൻ ശ്രമിച്ചു. ജനങ്ങൾ ചെറുത്തു. 16 ദിവസത്തിനുശേഷം മറ്റൊരു സ്ഥലത്ത് (പുതുക്കോൾ കവലയിൽ) തോക്കു പിടിച്ച പോലീസിന്റെ അകമ്പടിയോടൊപ്പം ഷാപ്പു തുറന്നു. അറസ്റ്റും പീഡനവും വകവെയ്ക്കാതെ ജനങ്ങൾ വീണ്ടും സത്യാഗ്രഹം ആരംഭിച്ചു. തൽഫലമായി ജൂൺ 14–ന് ഷാപ്പ് അടച്ചു. എന്നാൽ 16–ാം തീയതി വീണ്ടും തുറന്നു. പക്ഷെ പ്രകൃതി കനിഞ്ഞു. ശക്തമായ കാലവർഷക്കാറ്റും മലവെള്ളവും ഷാപ്പിനെ വിഴുങ്ങി. ജനങ്ങൾ ആശ്വസിച്ചു. ഇതിനകം ചെത്ത് ഏതാണ്ടു നിശ്ശേഷം നിന്നിരുന്നു. മദ്യപാനവും വളരെ കുറഞ്ഞിരുന്നു.

എന്നാൽ 14 മാസത്തിനുശേഷം 1986 ആഗസ്ററ് 20–ന് അതേ സ്ഥലത്ത് ഒരു ഷാപ്പ് തുടങ്ങി. ഇത്തവണ അത് ചാരായഷാപ്പായിരുന്നു. സമരത്തിന്റെ മൂന്നാം ഘട്ടം അങ്ങനെ ആരംഭിച്ചു. പോലീസിന്റെയും എക്സൈസിന്റെയും സഹായത്തോടെ ആരംഭിച്ച ഷാപ്പിനെതിരെയുള്ള ഈ സമരത്തിൽ ഉറച്ചു നിൽക്കാൻ കെൽപ്പു പോരെന്ന് പ്രാദേശിക നേതൃത്വത്തിന് തോന്നി. അങ്ങനെ കേരള മദ്യനിരോധന സമിതി ജില്ലാ നേതൃത്വം സമരം ഏറ്റെടുത്തു. ഇത് 1987 ജനുവരി 10–ന് ആയിരുന്നു. ജില്ലാ സമിതി കെ. പരമേശ്വരശർമ്മയെ ഊരമനയിലേക്ക് അയയ്ക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ മട്ടാഞ്ചേരി സത്യാഗ്രഹവും രണ്ടാം ഘട്ടത്തിൽ പാളയം സത്യാഗ്രഹവും നടക്കുന്ന കാലം ആയിരുന്നതു കൊണ്ട് അക്കാലങ്ങളിൽ ഊരമനക്കാർക്കു തന്നെ സത്യാഗ്രഹത്തിന്റെ ഭാരം കൂടുതലും വഹിക്കേണ്ടി വന്നിരുന്നു. ഇപ്പോൾ സമരം കൂടുതൽ ഊർജ്ജസ്വലമായി. മാർച്ച് 23–ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് ഉണ്ടാവുമെന്ന പ്രഖ്യാപനം ഇതിനിടയിൽ വന്നു. ഊരമനക്കാർ തെരഞ്ഞെടുപ്പു ബഹിഷ്കരണ ഭീഷണി മുഴക്കി. മാർച്ച് 14–ന് രാത്രി പോലീസ് നേതൃത്വത്തിൽ ഷാപ്പ് അടച്ചു പൂട്ടി.

തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി തോറ്റു. ഇടതു പക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നു. ചാരായഷാപ്പ് 29–ന് വീണ്ടും രംഗപ്രവേശം ചെയ്തു. 1987 ഏപ്രിൽ 2–ന് സമരത്തിന്റെ ചുമതല കേന്ദ്ര നേതൃത്വം ഏറ്റെടുത്തു. പുതിയ സർക്കാരിന് ഏപ്രിൽ 15–വരെ സാവാകാശം കൊടുത്തു. മുഖ്യമന്ത്രിയടക്കമുള്ള അധികൃതരുമായി കൂടിയാലോചന ആരംഭിച്ചു. പക്ഷെ കൂടിയാലോചനകൾ ഫലപ്രദമായില്ല. ഉപവാസത്തിന്റെ രൂപത്തിൽ സമരം പുനരാരംഭിച്ചു. മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ ഷാപ്പ് പൂട്ടുവാൻ സർക്കാർ ഉത്തരവായി. പക്ഷേ കളക്ടറുടെ നിർദ്ദേശം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ചെവിക്കൊണ്ടില്ല. അവസാനം ഈ ഉദ്യോഗസ്ഥനെ മാറ്റി മറ്റൊരു അസിസ്റ്റന്റ് കമ്മീഷ്ണറെ വയ്ക്കേണ്ടി വന്നു മെയ് 26–ാം തീയതി ഷാപ്പു പൂട്ടുവാൻ. അതിനിടയിൽ മെയ് 19–ന് കാലത്ത് പ്രൊഫസർ ജി. കുമാരപിള്ള അനിശ്ചിതകാല ഉപവാസം ആരംഭിച്ചിരുന്നു. അതോടെ രംഗം വളരെ ചൂടായി. എട്ടാം ദിവസം –മേയ് 2 ന്– ഉച്ചക്കു മുമ്പ് ഷാപ്പു പൂട്ടുകയാൽ ഉപവാസം അവസാനിപ്പിച്ചു.

ഇത്രക്ക് ദീർഘമായ ഒരു സത്യാഗ്രഹം വിജയകരമായി നടത്താൻ കഴിഞ്ഞത് പോലീസിന്റെ ഭീഷണിയും എക്സൈസ് വകുപ്പിന്റെ പക്ഷപാതവും കരാറുകാരന്റെ ദുശ്ശാഠ്യവും അയാൾ സംഘടിപ്പിച്ച ഗുണ്ടകളുടെ ഭീഷണിയും വകവെക്കാതെ ഒരു ഗ്രാമത്തിലെ ഏതാണ്ട് ആബാലവൃദ്ധം ജനങ്ങൾ ഒറ്റക്കെട്ടായി ദൃഢനിശ്ചയത്തോടെ നിന്നതുകൊണ്ടാണ്. ആദ്യഘട്ടങ്ങളിൽ ഗാന്ധിയുവമണ്ഡലം നേതാക്കളായ എം.പി. മത്തായിയുടെയും ജേക്കബ്ബ് വടക്കഞ്ചേരിയുടെയും പിന്തുണയും മൂന്നാം ഘട്ടത്തിൽ ജില്ലാ സമിതി പ്രതിനിധി കെ. പരമേശ്വരശർമ്മയുടെ മാർഗ്ഗനിർദ്ദേശവും അന്ത്യഘട്ടത്തിൽ പ്രൊഫസർ എം.പി. മന്മഥൻ, പ്രൊഫസർ ജി.കുമാരപിള്ള തുടങ്ങിയ സംസ്ഥാന ഭാരവാഹികളുടെ സജീവ സാന്നിദ്ധ്യവും പ്രത്യക്ഷ നേതൃത്വവും അവർക്ക് വലിയ സഹായമായി എന്നത് ശരിയാണ് എങ്കിലും ഊരമന സത്യാഗ്രഹം അടിസ്ഥാനപരമായി ഊരമനക്കാരുടെ സമരമായിരുന്നു. 85 വയസ്സായ മറിയം ചാക്കോ മുതൽ മറിയാമ്മ ചാണ്ടിയുടെ കൈക്കുഞ്ഞു വരെ എത്ര തലമുറകൾ സമരത്തിൽ പങ്കെടുത്തു! എത്ര മാസത്തോളം മുടങ്ങാതെ എന്നും വൈകുന്നേരം അവർ ഗ്രാമപ്രദിക്ഷണം നടത്തി! അവർ നടത്തിയ ജനഹിതപരിശോധന എത്രകാര്യക്ഷമമായിരുന്നു! അവർ അഞ്ചുനാഴിക ദൂരെയുള്ള രാമമംഗലം

പോലീസ് സ്റ്റേഷനിലേക്കു നടത്തിയ കാൽനടജാഥകൾ എത്ര ആവേശ കരമായിരുന്നു! ഇങ്ങനെ പലതും പറയുവാനുണ്ട്. കെ. എം. മാണി, കെ. എ. മോഹനൻ. എൻ. സി. വർക്കി, എൻ. വി. വർഗ്ഗീസ്, കെ.എ.ഏലിയാസ് തുടങ്ങിവരുൾപ്പെട്ട പ്രാദേശിക നേതൃത്വം മികച്ചതായിരുന്നു. പോലീസും എക്സൈസും കരാറുകാരനും അയാളുടെ ഗുണ്ടകളും എത്ര കിണഞ്ഞു ശ്രമിച്ചിട്ടും അവരുടെ മനോവീര്യം കെടുത്താനായില്ല. പ്രൊഫ.എം. പി. മന്മഥനും പ്രൊഫ. ജി. കുമാരപിള്ളയും ഭീഷണിക്കും ശകാരത്തിനും ഇരയായപ്പോഴും അവർ പ്രകോപിതരായില്ല.

## 11. അഴിമാവു സത്യാഗ്രഹം

അഴിമാവു സത്യാഗ്രഹവും ഒരു പ്രാദേശിക സമരമായി ആരംഭിച്ചതാണ്. പക്ഷേ അത് ഒരർത്ഥത്തിൽ കൂടുതൽ സംഘർഷഭരിതം ആയിരുന്നു. തൃശ്ശൂർ പട്ടണത്തിൽ നിന്നും 15 നാഴിക തെക്കുപടിഞ്ഞാറായി താന്ന്യം പഞ്ചായത്തിൽ പെട്ട ഒരു ഗ്രാമമാണ് കരുവന്നൂർ പുഴയുടെ തീരത്തുള്ള അഴിമാവ്. ചെത്തുകാരുടെ മോസ്കോ എന്നറിയപ്പെടുന്ന അന്തിക്കാടുനിന്ന് ഏതാനും നാഴിക തെക്കുമാറി അന്തിക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കിടക്കുന്ന ഒരു കുഗ്രാമം. കള്ളും കമ്മ്യൂണിസവും ആയി അനുകൂലമായ വൈകാരിക ബന്ധമുള്ള ധാരാളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇവിടെ ഒരു മദ്യവിരുദ്ധസമരം ഉണ്ടാവുമെന്ന് വിശ്വസിക്കുവാൻ പ്രയാസമായിരുന്നു. പക്ഷേ അതു സംഭവിച്ചു. അനധികൃതമായ എല്ലാ ഷാപ്പുകളും പൂട്ടുമെന്ന് എക്സൈസ് മന്ത്രി കെ. ആർ.ഗൗരി പ്രഖ്യാപിച്ചുകൊണ്ടിരുന്നു. അഴിമാവ് കടവിൽ 17 വർഷമായി ഒരു കള്ളുഷാപ്പും ഒരു ചാരായഷാപ്പും അനധികൃതമായി നടന്നുവന്നിരുന്നു. തങ്ങളുടെ മന്ത്രിയുടെ വാക്കുകൾ മുഖവിലയ്ക്കെടുത്ത 5 ചെറുപ്പക്കാർ ഇവ അവിടെനിന്ന് മാറ്റികിട്ടണമെന്ന് ആവശ്യപ്പെട്ട് മുന്നോട്ടുവന്നു. എൻ.കെ.വിശ്രുതൻ (കൺവീനർ), എൻ. കെ. ജോഷി, ഒ. എസ്. അജയൻ, ഒ.എസ്. ശ്രീരംഗൻ, പി.എസ്. അജയൻ എന്നിവർ മുൻകൈ എടുത്ത് ഒരു പൗരസമിതിയുണ്ടാക്കി. ഷാപ്പുകൾക്കെതിരെ 1987 ഒക്ടോബർ 2-നു സമാധാനപരമായ സമരമാരംഭിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഷാപ്പുകൾ അടച്ചു. പക്ഷേ കള്ളളവ് തുടർന്നു. അതിനേയും നാട്ടുകാർ എതിർത്തു. ഈ എതിർപ്പിനെ മാനിക്കാതെ അവിഹിതമായി സമ്പാദിച്ച

ലൈസൻസോടെ കള്ളുഷാപ്പ് വീണ്ടും 28-1-1998-ന് തുറന്നു. ഇത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് സമരം തുടർന്നു. 200 ദിവസം അവർ തനിച്ചുനിന്ന് പൊരുതി. ഒടുവിൽ അവർക്ക് കേരളമദ്യനിരോധന സമിതിയുടെ സഹായം തേടേണ്ടിവന്നു. 1988 ഏപ്രിൽ 18-ാം തീയതി സമിതിയുടെ താന്ന്യം പഞ്ചായത്ത് ഘടകം ഉത്ഘാടനം ചെയ്യപ്പെട്ടു. പി.എം.ഹബീബുള്ള (പ്രസിഡന്റ്), കെ. സി. രാധ (വൈസ് പ്രസിഡന്റ്), പി.കെ.ചന്ദ്രശേഖരൻ (സെക്രട്ടറി) എന്നിവരായിരുന്നു ഭാരവാഹികൾ. ഇതോടുകൂടി പൗരസമിതിക്ക് പൂർണ്ണപിന്തുണ പ്രഖ്യാപിച്ചു കേരളമദ്യനിരോധനസമിതി അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. 3-5-1998-ൽ പി.എം.സദാശിവൻ, പി.എം. ഹബിബുള്ള, കെ. കെ ബാലൻ, എൻ.കെ.വിശ്രുതൻ, ടി. എസ്. മുരളീധരൻ എന്നിവരടങ്ങിയ ഒരു കർമ്മസമിതിയും രൂപീകരിച്ചു.

കേരള മദ്യ നിരോധനസമിതി രംഗത്ത് ആവിർഭവിച്ച ശേഷവും 233 ദിവസം സമരം തുടർന്നു. 2-10-1987-ൽ ആരംഭിച്ച സമരം 7-12-1988-ൽ വിജയപ്രാപ്തിയിൽ എത്തുമ്പോഴേക്കും അഴിമാവ് എന്ന പേര് കേരളത്തിലെങ്ങും സുവിദിതമായി കഴിഞ്ഞിരുന്നു. ഇവിടെ മദ്യ വിരുദ്ധ പ്രസ്ഥാനത്തിന് നേരിടേണ്ടിവന്ന എതിർപ്പ് അതികഠിനമായിരുന്നു. നാട്ടുകാരിൽ തന്നെ ഒരു സംഘടിത ന്യൂനപക്ഷം സമരം പൊളിക്കാൻ പരസ്യമായി മുന്നോട്ടു വന്നു. ജില്ലാ മേധാവികളുടെ അറിവോടും സമ്മതത്തോടും കൂടെ പോലീസ് ഏറ്റവും മോശമായി പെരുമാറി. സബ് ഇൻസ്പെക്ടർ സേതുമാധവൻ, സർക്കിൾ ഇൻസ്പെക്ടർ കെ കെ ശ്രീധരന് എന്നിവർ പ്രൊഫ. ജി. കുമാരപിള്ളയെ അവഹേളിച്ചു. പോലീസുകാർ സത്യാഗ്രഹികളെ ബലം പ്രയോഗിച്ചു പിടിച്ചുമാറ്റി, പലദിവസവും തങ്ങളുടെ വാനിലേക്കു വലിച്ചെറിഞ്ഞു. അവരുടെ പേരിൽ 107-ാം വകുപ്പുപ്രകാരം കള്ളകേസ്സെടുത്ത് ജയിലിലടച്ചു. അവരെ കോടതിയിൽ ഹാജരാക്കാൻ കൈവിലങ്ങുവെച്ചു. ദൂരദേശങ്ങളിൽ കൊണ്ടുപോയി വെളിയിൽ തള്ളി. ഭരണമുന്നണിയിലെ പ്രമുഖ കക്ഷിയായ മാർക്സിസ്റ്റ് പാർട്ടി തന്നെ തൊഴിൽ സംരക്ഷണസമിതിയുടെ പേരിൽ സത്യഗ്രഹത്തെ എതിർക്കാൻ മുന്നോട്ടുവന്നു. രാവിന്റെ മറവിൽ നാട്ടുകാരായ സമരനേതാക്കളെ ശത്രുക്കൾ മാരകായുധങ്ങളുമായി ആക്രമിച്ചു. സത്യാഗ്രഹപ്പന്തൽ തീവെച്ചു നശിപ്പിച്ചു. സമാധാനപരമായ ധർണ്ണയും പിക്കറ്റിങ്ങും അവർ

അസാധ്യമാക്കി. അറസ്റ്റിനു വഴങ്ങാതെ പിക്കറ്റിങ്ങ് നടത്തിയ പ്രൊഫ. എം. പി. മന്മഥനെ രണ്ടു പ്രാവശ്യം ബലം പ്രയോഗിച്ച് അറസ്റ്റു ചെയതു.

അവസാനം പ്രൊഫ. ജി. കുമാരപിള്ളയ്ക്ക് ജനമനസ്സാക്ഷിയെ ഉണർത്താൻ അനിശ്ചിതകാലത്തേക്കുള്ള ഉപവാസം ആരംഭിക്കേണ്ടിവന്നു. ഇത് നവംബർ 26-ാം തീയതി കാലത്ത് 8 മണിക്ക് ആയിരുന്നു. നാടിന്റെ നാനാ ഭാഗത്തുനിന്നും മദ്യനിരോധനപ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും ബഹുജനനേതാക്കളും അഴിമാവിലേക്ക് ഒഴുകിത്തുടങ്ങി. പക്ഷേ, സർക്കാർ അതിന്റെ ദുശ്ശാഠ്യത്തിൽ ഉറച്ചുനിന്നു. കെ. ആർ. ഗൗരി യിൽ നിന്നും എക്സൈസ് വകുപ്പ് നേരത്തെ ഏറ്റെടുത്തുകഴിഞ്ഞിരുന്ന മന്ത്രി ടി. കെ. രാമകൃഷ്ണൻ കുലുങ്ങിയില്ല. 8-ാം ദിവസം (ഡിസംബർ 3ന്) പ്രൊഫ. ജി. കുമാരപിള്ളയെ ബലം പ്രയോഗിച്ച് അറസ്റ്റു ചെയ്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. അദ്ദേഹം അവിടേയും ഉപവാസം തുടർന്നു. പിറ്റേന്ന് കാലത്ത് മദ്യനിരോധന സമിതി ജില്ലാ പ്രസിഡന്റ് ഐ. എം. വേലായുധൻ അഴിമാവിൽ ഉപവാസം ആ രംഭിച്ചു. ഇതു നിർണ്ണായകമായിരുന്നു. കാരണം മന്ത്രി വി.വി.രാഘവനെ ജയിപ്പിച്ച ആ നിയോജകമണ്ഡലത്തിൽ ഭരണകക്ഷിയുടെ തിരഞ്ഞെടു പ്പു പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചിരുന്ന ആളായിരുന്നു അദ്ദേഹം. പ്രൊഫ. ജി. കുമാരപിള്ളയുടെ ഉപവാസം 11-ാം ദിവസത്തിലും ഐ. എം. വേലായുധന്റെ ഉപവാസം മൂന്നാംദിവസത്തിലും എത്തിയപ്പോൾ സർക്കാരിന് ബുദ്ധിയുദിച്ചു. കള്ളുഷാപ്പ് അഴിമാവിൽ നിന്ന് മാറ്റുമെന്ന് 6-ാം തിയ്യതി പ്രഖ്യാപിച്ചു. 7-ാം തിയ്യതി ഷാപ്പടച്ചു. അങ്ങനെ മറ്റൊരു ജനകീയ സമരം കൂടി വിജയശ്രീലാളിതമായി. സമരം അവസാനിപ്പിച്ച തായി 11-നു പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ചു പ്രൊഫ.ജി. കുമാരപിള്ള പറഞ്ഞത് "അഴിമാവിൽ മദ്യം തോറ്റു, മനുഷ്യൻ ജയിച്ചു" എന്നാണ്. പ്രൊഫ. എം. പി. മന്മഥൻ അഴിമാവിനെ ഇങ്ങനെ വാഴ്ത്തി. "രാജ്യത്തെ ങ്ങുമുള്ള നല്ലവരായ ജനങ്ങളുടെ ഹൃദയത്തിൽ ദേശാഭിമാനത്തിന്റെ ഉൽക്ക ടമായ ആവേശം ഉണർത്തിക്കൊണ്ട് നിത്യസ്മരണീയമായിത്തീർന്നു ആ ഗ്രാമം". പ്രൊഫ. സുകുമാർ അഴീക്കോട് "രാജ്ഘട്ട് ഇവിടെയാണ്" എന്നു പ്രകീർത്തിച്ചു.